"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2020-2021 വർഷത്തെ ബോണസ്/ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.15/2024/ID തീയതി,തിരുവനന്തപുരം, 24-02-2024

---

പരാമർശം:- 1. 05.08.2021 ലെ സ.ഉ.(അച്ചടി)നം.61/2021/തൊഴിൽ ഉത്തരവ്.

2. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 10.10.2023 ലെ എം.ഡി/1612/2023-24 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2020-21 വർഷത്തെ ബോണസ്/ എക്സ്ഗ്രേഷ്യ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2020-21 വർഷത്തെ ബോണസ്/ എക്സ്ഗ്രേഷ്യ നൽകുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ പ്രതിനിധികളും കമ്പനി മാനേജ്മെന്റും തമ്മിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻ വർഷം ബോണസ്/ എക്സ്ഗ്രേഷ്യ ഇനത്തിൽ വിതരണം ചെയ്ത തുകയായ 10,000/- രൂപ തന്നെ അർഹരായ എല്ലാ ജീവനക്കാർക്കും നൽകുകയും പ്രസ്തുത നടപടി 03.01.2022 ന് ചേർന്ന കമ്പനിയുടെ ബോർഡ് യോഗം സാധൂകരിക്കുകയും ചെയ്തു. ഇപ്രകാരം ബോണസ്/ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത നടപടിക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവിലെ മാർഗ്ഗനിർദേശങ്ങൾക്ക് അനുസൃതമല്ലാതെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് മുൻ വർഷങ്ങളിൽ അനുവദിച്ചത് പോലെ 2020-21 വർഷത്തിൽ ബോണസ്/ എക്സ്ഗ്രേഷ്യ ഇനത്തിൽ 10,000/- രൂപ വീതം വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുമൻ ബില്ല
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/ ഇ&ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം . തീയതി. )
തൊഴിൽ വകുപ്പ് (30.10.2023 ലെ LBRD-D1/198/2023/LBRD നമ്പർ അഭിപ്രായം പ്രകാരം)
ധനകാര്യ വകുപ്പ് (27.12.2023 ലെ പിയു-ഡി2/122/2023-ധന നമ്പർ അഭിപ്രായം പ്രകാരം)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by AJITHKUMAR A
Date: 24-02-2024 11:41:47
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
വ്യവസായ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെ സി.എ-യ്ക്ക്
വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 21-02-2024

ഫയൽ നം. എച്ച്1/226/2023/വ്യവ. ഇനം നം: 2073

വിഷയം : വ്യവസായ വകുപ്പ് - യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2020-2021 വർഷത്തെ ബോണസ്/ എക്സ്ഗ്രേഷ്യ വിതരണം നടത്തിയത് - സാധൂകരണം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

21/2/24

9

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എച്ച് 1/226/2023/വ്യവ. |
| 2 | വകുപ്പ് | വ്യവസായ (എച്ച്) വകുപ്പ് |
| 3 | വിഷയം | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2020-2021 വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ വിതരണം നടത്തിയത് - സാധൂകരണം നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 21/01/2024 |
| 5 | (I) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഉണ്ട്, തൊഴിലും നൈപുണ്യവും വകുപ്പ് |
| 7 | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. എം.എ. റജീന ബീഗം |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. സുമൻ ബില്ല |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 13.02.2024 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 16.2.24 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 18/02/2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

11

## മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2020-2021 കാലയളവിൽ ബോണസ്/ എക്സ്ഗ്രേഷ്യ നൽകിയ മാനേജിംഗ് ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. തൊഴിൽ വകുപ്പ് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2020-21 വർഷത്തെ ബോണസ്/ എക്സ്ഗ്രേഷ്യ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 05.08.2021 ലെ സ.ഉ.(അച്ചടി)നം.61/2021/തൊഴിൽ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2020-21 വർഷത്തെ ബോണസ്/ എക്സ്ഗ്രേഷ്യ നൽകുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ പ്രതിനിധികളും കമ്പനി മാനേജ്മെന്റും തമ്മിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻ വർഷം വിതരണം ചെയ്ത തുകയായ 10000/- രൂപ തന്നെ അർഹരായ എല്ലാ ജീവനക്കാർക്കും നൽകുകയുണ്ടായി. പ്രസ്തുത നടപടി 03.01.2022 ന് ചേർന്ന ബോർഡ് യോഗം സാധൂകരിക്കുകയും ചെയ്തു. 2020-21 വർഷത്തെ ബോണസ്/ എക്സ്ഗ്രേഷ്യ തുകയായി 10000/- രൂപ വീതം അർഹരായ എല്ലാ ജീവനക്കാർക്കും വിതരണം ചെയ്ത നടപടിക്ക് സാധൂകരണം നൽകണമെന്ന് യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി

3. ഈ വിഷയത്തിൽ തൊഴിൽ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർത്തിരിക്കുന്നു,

" ഈ വകുപ്പിൽ നിന്നും 05/08/2021-ലെ സ.ഉ.(അച്ചടി) നം.61/2021/തൊഴിൽ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ബോണസ് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ബോണസും മറ്റ് ആനുകൂല്യങ്ങളും നല്കിയതെങ്കിൽ പ്രസ്തുത നടപടിയോട് വകുപ്പ് യോജിക്കുന്നില്ല. "

4. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർത്തിരിക്കുന്നു,

"തൊഴിൽ വകുപ്പിന്റെ അഭിപ്രായത്തോട് ധനകാര്യ വകുപ്പും യോജിക്കുന്നതായി ഭരണ വകുപ്പിനെ അറിയിക്കുന്നു. "

5. ബോണസ്/ എക്സ്ഗ്രേഷ്യ വിതരണം ചെയ്യുന്നത് സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 10,000/- രൂപ വീതം 2020-21 വർഷത്തെ ബോണസ്/ എക്സ്ഗ്രേഷ്യ നൽകിയ മാനേജിംഗ് ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ച ഫയൽ ബഹു. വ്യവസായ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത ശിപാർശ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനമെടുക്കുന്നതിനുള്ള വിഷയം

തൊഴിൽ വകുപ്പിന്റെ 05.08.2021 ലെ സ.ഉ.(അച്ചടി)നം.61/2021/തൊഴിൽ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാതെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2020-21 വർഷം 10000/-രൂപ വീതം ബോണസ്/ എക്സ്ഗ്രേഷ്യയായി വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടിക്ക് ധനകാര്യ വകുപ്പിന്റെയും തൊഴിൽ വകുപ്പിന്റെയും അഭിപ്രായം മറികടന്ന് സാധൂകരണം നൽകാമോ?

13/02/2024

13/2/24

13/2/2024

13/2/24

13/2/24

16/2/24

13/2

14/2